പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 346 **13-10-2026-ൽ മറുപടിയ്ക്ക്**

മുൻ സർക്കാരുകളുടെ കാലത്തുണ്ടായ കസ്റ്റഡി മർദ്ദനങ്ങളും കസ്റ്റഡി മരണങ്ങളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. മഞ്ഞളാംകുഴി അലി	ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കഴിഞ്ഞ രണ്ട് സർക്കാരുകളുടെ കാലയളവിൽ സംസ്ഥാനത്തുണ്ടായ കസ്റ്റഡി മർദ്ദനങ്ങൾ, കസ്റ്റഡി മരണങ്ങൾ എന്നിവ സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

മറുപടി: 25.05.2016 മുതൽ 17.05.2026 വരെയുള്ള കാലയളവിൽ 26 കസ്റ്റഡി മരണങ്ങളും 14 കസ്റ്റഡി മർദ്ദനങ്ങളും ഉണ്ടായിട്ടുണ്ട്.

(ബി) കസ്റ്റഡി മർദ്ദനങ്ങളും കസ്റ്റഡി മരണങ്ങളും ഒഴിവാക്കുന്നതിന് നിലവിലെ സർക്കാർ ആഭ്യന്തര വകുപ്പിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: കസ്റ്റഡി മർദ്ദനങ്ങളും കസ്റ്റഡി മരണങ്ങളും ഒഴിവാക്കുന്നതിന് എഡിജിപി എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും, റേഞ്ച് ഡിഐജി, സോൺ ഐജി എന്നിവർക്കും എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പോലീസ് കസ്റ്റഡിയിലുള്ളവരോട് മാനുഷികവും മാന്യവുമായ പെരുമാറ്റം ഉറപ്പുവരുത്തുന്നതിനായി "മൈ പോലീസ് സ്റ്റേഷൻ" പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കസ്റ്റഡി പീഡനം, കസ്റ്റഡിയിലുള്ളവരോടുള്ള അശ്രദ്ധ, മോശമായ പെരുമാറ്റം, നിയമവിരുദ്ധ നടപടികൾ എന്നിവയോട് യാതൊരു വിട്ടുവീഴ്ചയും അനുവദിക്കാതെ ഓരോ വ്യക്തിയുടെയും അവകാശങ്ങളും അന്തസ്സും മാന്യതയും സംക്ഷിക്കുന്ന തരത്തിൽ എല്ലാ പോലീസ് ഉദ്യോഗസ്ഥരും പ്രവർത്തിക്കുന്നുണ്ട്.

(സി) കഴിഞ്ഞ രണ്ട് സർക്കാരുകളുടെ കാലയളവിൽ പോലീസിന്റെ വീഴ്ചകൾ കാരണം സംസ്ഥാനത്തെ ആഭ്യന്തര വകുപ്പിനും പോലീസിനും പ്രതിച്ഛായ നഷ്ടപ്പെട്ടുവെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതിച്ഛായ വീണ്ടെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ